# സ്നേഹകൂടാരത്തിലെ പ്രവാചകൻ

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

'അമേരിക്കൻ മുതലാളിത്ത സമ്പദ് വ്യവസ്ഥ തകരുമെന്ന് നിർഭയം പ്രവചിച്ച സാമൂഹിക ശാസ്ത്രജ്ഞനാണ് ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത[1]. മുതലാളിത്ത വ്യവസ്ഥിതി ആഗോള സാമ്പത്തിക രംഗത്ത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ സൂക്ഷ്മതലത്തിൽ വിശകലനം ചെയ്ത് പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അമേരിക്കയിലെ ന്യൂജഴ്സിയിൽ ഡ്രൂ (Drew) സർവ്വകലാശാലയിൽ വേദശാസ്ത്രഗവേഷണം നടത്തിയ കാലം (1948-50) മുതൽ മുതലാളിത്ത വ്യവസ്ഥിതിയുടെ തകർച്ചയെക്കുറിച്ച് വിവിധങ്ങളായ പ്രസ്താവനകൾ നടത്തി.

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 60 ലധികം ഗ്രന്ഥങ്ങളിലും വിവിധങ്ങളായ പ്രഭാഷണങ്ങളിലും അമേരിക്കൻ മുതലാളിത്തത്തിന്റെ തകർച്ചയെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. അറുപതു വർഷങ്ങൾക്ക് മുമ്പ് (1948) ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത പ്രവചിച്ച 'അമേരിക്കയുടെ സാമ്പത്തിക തകർച്ച' 2008 ഓടെ യാഥാർത്ഥ്യമായി. 'ആഗോളസാമ്പത്തികമാന്ദ്യം' എന്ന പ്രതിഭാസത്തിന്റെ കെണിയിൽ അമേരിക്കൻ സാമ്പത്തിക ക്രമം തകർന്നു![2]. അമേരിക്കൻ മുതലാളിത്തത്തിന് തിരിച്ചടിയായത് 'ആഗോളസാമ്പത്തിക മാന്ദ്യ'മാണ്. ആഗോളവൽക്കരണം (Globalization), സ്വതന്ത്രവിപണി (Free market), ഭീകരതയ്ക്ക് എതിരെയുള്ള യുദ്ധം (War on Terrorism) എന്നിവ വിവിധതരത്തിൽ സാമ്പത്തിക മാന്ദ്യത്തിന് വഴിയൊരുക്കി.

ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കൺവൻഷൻ രംഗത്ത് പ്രവേശിക്കുന്നത് 1951 ലാണ്. ആദ്യവേദി കോട്ടയം നിലയ്ക്കൽ കൺവൻഷനായിരുന്നു. 'ക്രിസ്തുവിനെ വേണമോ, ബറബ്ബാസിനെ വേണമോ' എന്നതായിരുന്നു മുഖ്യവിഷയം. 1953 ലെ മാക്കാംകുന്ന് കൺവൻഷനിൽ നടത്തിയ പ്രഭാഷണ വിഷയം 'തർസ്സീസ് യാത്ര അവസാനിപ്പിക്കുമോ' എന്ന ചോദ്യമാണ്[3]. ഇവിടെ 'ബറബ്ബാസും' 'തർസ്സിസ്സും' എല്ലാം ഭൗതികതയുടെ പ്രതീകമാണ്. അമേരിക്കൻ സംസ്കാരത്തിൽ ശക്തിപ്പെടുന്ന മനുഷത്വരാഹിത്യവും ആർഭാട ജീവിതവും സ്വാർത്ഥതയും ശക്തമായ ഭാഷയിൽ സംവേദിക്കുന്നതിന് സ്വീകരിച്ച പ്രതീകങ്ങളാണ് 'ബർബ്ബാസും' 'തർസ്സീസ്സും'. പിന്നീട് എഴുതിയ ഗ്രന്ഥങ്ങളിലും പ്രഭാഷണങ്ങളിലും ഈ ആശയം വിവിധതരത്തിൽ ശക്തിപ്പെട്ടു. സുഖം, സൗഖ്യം, ആഹ്ലാദം എന്നിവ പകരുന്ന ആഗോളവൽക്കരണവും, പുത്തൻ സാങ്കേതികതയും മാധ്യമ സംസ്കാരവും 'ബറബ്ബാസിന്റെയും തർസ്സീസിന്റെയും' പുനരവതാരങ്ങളായി.

"ഇന്നത്തെ അമേരിക്ക നാശത്തിന്റെ വക്കിലാണ്. അവിടെ ബൈബിളിന് സ്ഥാനമില്ല. ദൈവഭക്തിക്കു സ്ഥാനമില്ല. ധാർമ്മികതയ്ക്കു സ്ഥാനമില്ല... പാശ്ചാത്യ സംസ്കാരം ക്രിസ്തേതരമായിക്കഴിഞ്ഞു. അവർ ദൈവത്തിങ്കലേക്കു തിരിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു"[4] എന്ന് ശക്തമായ ഭാഷയിൽ ആഹ്വാനം ചെയ്യുവാനുള്ള ധൈര്യമാണ് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രകടമാക്കിയത്. 'ആഗോളവൽക്കരണവും ഉദാരവൽക്കരണവും പുതിയ സാമ്പത്തിക പദ്ധതിയുമൊക്കെ വരുന്നു. എന്നാൽ പാവങ്ങൾ ഇവിടെ പട്ടിണി കിടന്ന് മരിക്കുന്നു'[5]. അദ്ദേഹത്തെ പ്രകോപിപ്പിക്കുന്ന അടിസ്ഥാന പ്രശ്നമാണിത്.

സമ്പത്തിന്റെയും സുഖലോലുപതയുടെയും അതിധാരാളിത്തം അമേരിക്കൻ മുതലാളിത്തത്തിൽ ശക്തിപ്പെടുമ്പോൾ അമേരിക്കയിൽ തന്നെ നിരവധിപേർ നിത്യ ദാരിദ്ര്യത്തിൽ അകപ്പെട്ടിരിക്കുന്ന വൈരുദ്ധ്യം ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വെളിപ്പെടുത്തുന്നു. അമേരിക്കയിൽ താമസിച്ച് പഠിക്കുകയും

വിവിധകാലങ്ങളിലായി നിരവധി പ്രാവശ്യം അമേരിക്ക സന്ദർശിക്കുകയും ചെയ്ത അദ്ദേഹം അമേരിക്കയിലെ അധാർമ്മികതയേയും സദാചാര തകർച്ചയേയും ധീരമായി വിമർശിക്കുന്നു.

അമേരിക്കൻ ജനതയുടെ സ്വാർത്ഥതയും സുഖലോലുപതയും തിരിച്ചെറിഞ്ഞ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത അവരെ 'നിർമ്മനുഷ്യർ' എന്നാണ് വിശേഷിപ്പിക്കുന്നത്. 'നിർമ്മനുഷ്യത്വം' എന്നാൽ മനുഷ്യത്വം നഷ്ടപ്പെടുന്നവർ എന്നർത്ഥം. മനുഷ്യനെ മനുഷ്യനായി കാണുവാൻ കഴിയാത്തതാണ് നിർമ്മനുഷ്യത്വം. നിർമനുഷ്യൻ ഭൗതികതയ്ക്കും മുതലാളിത്തത്തിനും പ്രാധാന്യം നൽകുന്നു. സുഖം, സ്വാർത്ഥത, ആർഭാടം, സ്വത്ത് എന്നിവയിൽ അധിഷ്ഠിതമായ കാര്യവിചാരകത്വം നിലനിർത്തുന്നു. ഇത് പ്രായോഗിക നിരീശ്വരത്വം തന്നെയാണെന്ന് ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത പ്രഖ്യാപിക്കുന്നു[6]. 'നിർമനുഷ്യത്വപരമായ മുതലാളിത്തത്തെക്കുറിച്ച്[7] അദ്ദേഹം എപ്പോഴും രചനകളിലും പ്രഭാഷണങ്ങളിലും കോപാകുലനാകുന്നുണ്ട്. സത്യവും നീതിയും ഇല്ലാത്ത മനുഷ്യസമൂഹത്തെ നിർമനുഷ്യത്വത്തിൽ അവതരിപ്പിക്കുന്നു. 'നിർമ്മനുഷ്യരായി വിരാജിക്കുന്നവരാണ് മുതലാളിവർഗ്ഗം[8] എന്ന് അസന്ദിഗ്ദ്ധമായി അദ്ദേഹം പറയുന്നു. "നിർമനുഷ്യത്വപരമായ മുതലാളിത്തം" എന്ന ശൈലി എഴുത്തുകളിലുണ്ട്. സമ്പത്ത് പങ്കിടാത്ത, സാഹോദര്യ ദർശനമില്ലാത്ത ആഡംബരപൂർണ്ണമായ ജീവിതം എന്ന് വ്യാഖ്യാനം[9]. ഇപ്പോൾ പ്രബലപ്പെട്ട ആഗോള സാമ്പത്തിക മാന്ദ്യം അമേരിക്കൻ ജനതയുടെ നിർമ്മനുഷ്യത്വത്തിന്റെ പ്രത്യാഘാതമാണ്. നീതിപൂർവ്വം സമ്പത്ത് പങ്കിടാതെ അനീതിയിലൂടെ സ്വത്ത് കീഴടക്കുന്ന സാമൂഹിക ഘടനകളേയും സമീപനങ്ങളേയും 1979 മുതൽ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കഠിനമായ വാക്കുകളിൽ വിമർശിച്ചിട്ടുണ്ട്! 'ദരിദ്രലോകത്ത് സമ്പന്നരായിരിക്കുന്നതിന്റെ കുറ്റബോധമെങ്കിലും ഉണ്ടാകേണ്ടതല്ലേ'[10] എന്ന് അദ്ദേഹം ചോദിക്കുന്നു.

ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത മുതലാളിത്തത്തിന്റെ കപടമുഖം പൊളിച്ചെഴുതിയത് 'വർഗ്ഗരഹിത സമൂഹം' (Theology of Classless Society), 'ദരിദ്രലോകത്തിൽ ധനവാനായിരിക്കുന്നത് പാപം' (The Sin of being Rich in a Poor World) എന്നീ കൃതികളിലാണ്. 'ദരിദ്രലോകത്തിൽ ധനവാനായിരിക്കുന്നത് പാപം' എന്ന സിദ്ധാന്തം ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് 1983ൽ ആവിഷ്ക്കരിക്കുന്നു. സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം സാമൂഹിക വിപത്തും പാപവുമാണെന്ന് ഈ പഠനത്തിൽ തെളിയിക്കുന്നു. മുതലാളിത്ത വ്യവസ്ഥിതിയിൽ  സമ്പത്ത് നീതിപൂർവ്വം പങ്കിടാതെ കൈയ്യടക്കുന്നതും ശാസ്ത്രനേട്ടങ്ങൾ കുത്തകയാക്കുന്നതും (patent) ഏകാവകാശമാക്കുന്നതും സ്വാർത്ഥതയുടെയും സാമൂഹിക പ്രതിബദ്ധതയില്ലായ്മയുടെതുമാണ്.

'ലോകം മുഴുവൻ ദൈവത്തിന്റേതാണ്. അത് മക്കളായ മനുഷ്യർക്ക് എല്ലാം അവകാശപ്പെട്ടതാണ്. സ്വന്തം സഹോദരങ്ങൾ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ സമ്പത്ത് കുന്നുകൂട്ടിവയ്ക്കുന്നത് സ്വാർത്ഥതയാണ്. പാപമാണ്[11]. 'തൊഴിലാളികളെ മനുഷരായിട്ടും സഹോദരന്മാരായിട്ടും കാണാതെ വെറും യന്ത്രങ്ങളായിട്ടും ഉപകരണങ്ങളായിട്ടും കാണുന്ന മുതലാളിത്തത്തിൽ സ്വാതന്ത്ര്യമില്ല'[12]. സമ്പന്ന രാഷ്ട്രങ്ങൾ അവരുടെ സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി ദരിദ്ര രാഷ്ട്രങ്ങളെ എന്നും പട്ടിണിയിൽ തളച്ചിട്ടതിനെ ഓർത്തു മാനസാന്തരപ്പെടണം എന്നും ആവശ്യപ്പെടുന്നു. ലോകസമ്പദ് ഘടന 1999ൽ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത വിശകലനം ചെയ്യുന്നു:

'ഇന്നത്തെ ഏറ്റവും വലിയ സാമ്പത്തിക പ്രശ്നം മിക്കവാറും എല്ലാം അവികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും വികസിത രാജ്യങ്ങളുടെ കടം വാങ്ങി, കടത്തിന്റെ ഊരാക്കുടുക്കിൽ (Death trap) കഴിയുന്നതാണ്. വേൾഡ് ബാങ്കും, ഐ. എം. എഫും മറ്റ് സമ്പന്നരാജ്യങ്ങളും കൂടുതൽ സമ്പന്നമായിക്കൊണ്ടിരിക്കുന്നത് അവരോടു കടം വാങ്ങിയിരിക്കുന്ന പാവപ്പെട്ട രാജ്യങ്ങളുടെ കുന്നുകൂടുന്ന പലിശ മുഖാന്തിരമാണ്. ദരിദ്ര രാജ്യങ്ങൾക്ക് കടം വാങ്ങാതെ നിലനിൽപ്പില്ലാത്ത അനീതിയുടെ ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്'[13]

'മുതലാളിത്ത രാഷ്ട്രങ്ങളുടെ നിലനിൽപ്പും സാമ്പത്തിക ലാഭങ്ങളും ദരിദ്ര്യരാഷ്ട്രങ്ങളുടെ മേൽ വിപണനം ചെയ്യുന്ന യുദ്ധോപകരണങ്ങൾ, ബോംബുകൾ, വിമാനങ്ങൾ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, ഇൻഫർമേഷൻ ടെക്നോളജി എന്നിവ വഴിയാണ്. എന്നാൽ കോടീശ്വരന്മാരുടെ എണ്ണവും വണ്ണവും കൂടുന്നത് മൂന്നാം ലോകത്തിന്റെ ദാരിദ്ര്യത്തെ മുതലെടുത്താണെന്ന് മുതലാളിത്ത രാജ്യങ്ങൾ സമ്മതിക്കകുകയില്ലെന്നും[14] ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ വ്യക്തമാക്കുന്നു.

മൂന്നാം സഹസ്രാബ്ദത്തിൽ ഇന്നത്തെ സമ്പന്ന രാജ്യങ്ങൾ വീഴാതിരിക്കണമെങ്കിൽ അനീതികൾ അവസാനിപ്പിച്ച്, സ്വാർത്ഥത കുറച്ച്, അന്തർദ്ദേശീയ വ്യവസ്ഥിതി (International Economic Order) ഉണ്ടാക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു[15]. അർനോൾഡ് ടോയൻബിയുടെ ചരിത്ര ഗവേഷണത്തിൽ ഇരുപതിൽ അധികം നാഗരീകതകൾ നിലംപതിച്ചതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്നുണ്ട്: അസന്മാർഗ്ഗികത, മദ്യപാനം, ലൈംഗികത, ആർഭാടം എന്നിവ അന്നത്തെപ്പോലെ ഇന്നും ശക്തമാണ്. ഉപഭോഗസംസ്ക്കാരം, സുഖലോലുപത, നിർമ്മനുഷത്വം എന്നിവ അമേരിക്കൻ സംസ്ക്കാരത്തിൽ ശക്തിപ്പെടുന്നതായി ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രഖ്യാപിക്കുന്നു.

'ധൂർത്തിന്റെയും ആഢംബരത്തിന്റെയും പാരമ്യതയിൽ എത്തിയ അമേരിക്കൻ സംസ്കാരത്തിൽ അടുത്ത നൂറ്റാണ്ടിൽ പെട്രോളിനും ഊർജ്ജത്തിനും ക്ഷാമം ഉണ്ടാകുമെന്ന് 1999ൽ പ്രവചിക്കുന്നു... 21-ാം നൂറ്റാണ്ടിൽ തന്നെ ഇപ്പോഴത്തെ മുതലാളിത്ത വികസനം അവസാനിക്കുമെന്നതിൽ രണ്ടുപക്ഷമില്ല'![16]

കോടീശ്വരന്മാരും വലിയ സമ്പന്നരും സ്വത്തും സുഖവും പങ്കിടുന്ന ലോകം വരണമെന്ന് ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സ്വപ്നം കാണുന്നു: 'അല്ലയോ ധനവാന്മാരെ നിങ്ങളുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ എന്നവാക്യം മിക്ക കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും നടന്നു. മുതലാളിത്വ രാജ്യങ്ങൾ അതിന്റെ വക്കിൽ എത്തിയിരിക്കുന്നു. സമ്പന്ന ഉത്തരഗോളവും ദാരിദ്ര്യ ദക്ഷിണഗോളവും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നു[17]. മുതലാളിത്ത വ്യവസ്ഥിതി വ്യക്തിഗതമായതിനാൽ ആഗോളസാഹോദര്യത്തിലേക്ക് നയിക്കുവാൻ പ്രാപ്തമല്ലെന്ന് അദ്ദേഹം വിശ്വസിക്കുന്നു[18]. 'സ്വാർത്ഥപരതയും' 'വ്യക്തിപരതയും' 'സുഖലോലുപതയും' ഇതിന്റെ അടിസ്ഥാനമാണ്.

ആധുനിക മുതലാളിത്തത്തിന്റെ പിതാവായ ആഡംസ്മിത്തിന്റെ ക്യാപ്പിറ്റലിസത്തിലും കാറൽ മാർക്സിന്റെ കമ്മ്യൂണിസത്തിലും ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് പ്രത്യാശയില്ല. എന്നാൽ അമർത്യാസെന്നിന്റെ 'ഉത്തരവാദിത്വസമൂഹത്തെക്കുറിച്ച്' പ്രതീക്ഷയുണ്ട്. കമ്മ്യൂണിസത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യരാഹിത്യവും മുതലാളിത്തത്തിന്റെ സാമ്പത്തിക സമത്വരാഹിത്വവും മാറി സാമൂഹിക നീതിയിൽ അധിഷ്ഠിതമായ സ്നേഹലോകം വളരണം. മുതലാളിത്തവും കമ്മ്യൂണിസവും മാറി ലോകത്ത് പുതിയ സാമ്പത്തിക വ്യവസ്ഥിതി ഉണ്ടാകണമെന്ന പക്ഷമാണ് ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്കുള്ളത്.

മാർക്സും എംഗൽസും ചേർന്ന് രചിച്ച കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ പരാമർശിക്കുന്ന 'ക്രിസ്ത്യൻ സോഷ്യലിസത്തിൽ' അദ്ദേഹം ആഭിമുഖ്യം പുലർത്തിയിരുന്നു. 1953 ഫെബ്രുവരി ഒന്നിന് കോട്ടയം ഏലിയാ ചാപ്പലിൽ ചെയ്ത പ്രസംഗത്തിൽ 'ഒരു ക്രിസ്ത്യൻ സോഷ്യലിസ്റ്റ് വ്യവസ്ഥിതി നമുക്ക് ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നുണ്ട്'![19] എന്നാൽ വിമോചന ദൈവശാസ്ത്രത്തിന്റെ (Liberation theology) വിവിധ ചിന്താധാരകളിലൂടെ വർഗ്ഗരഹിത സമൂഹത്തിന്റെ അടിത്തറ വേദപുസ്തക അടിസ്ഥാനത്തിൽ വികസിപ്പിച്ചെടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

സാമ്പത്തിക അസമത്വങ്ങൾക്കും നീതിരഹിതമായ ബന്ധങ്ങൾക്കും എതിരെ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് പാടി പഠിപ്പിച്ച പ്രശസ്തമായ ഗാനമാണ് 'ധനവാനും ലാസറും' എന്ന പാട്ട് (ലൂക്കോ 16:19-31).

അതിന്റെ അന്ത്യപാദങ്ങൾ ധനവും ബലവും നഷ്ടപ്പെടുന്നതിനെക്കുറിച്ച് പ്രവചിക്കുന്നു: "ധനവാനേ, ബലവാനേ, ധനം പോകും ബലം പോകും, സ്നേഹം മാത്രം നിലനിൽക്കും". ധനവും ബലവും എല്ലാം നഷ്ടപ്പെടും എന്നും സ്നേഹം മാത്രം നിലനിൽക്കും എന്നും ലോകത്തെ അറിയിക്കുന്നു. സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ലോകത്തെക്കുറിച്ചുള്ള പ്രതീക്ഷയാണിത്. ആഗോള മുതലാളിത്തത്തിന്റെ നിലവിലുള്ള ഘടനകൾ സാമൂഹിക നീതിയെ വെല്ലുവിളിക്കുന്നവയും ഭീതിപ്പെടുത്തുന്നതുമാണ്. മാനവരാശിക്ക് ഗുണകരമായ ആഗോള സാമ്പത്തിക രംഗം ഇനിയും ആവിർഭവിക്കണമെന്ന് ആഗ്രഹിക്കുന്നു.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ദാരിദ്ര്യം മുതലാളിത്തത്തിന്റെ സൃഷ്ടിയാണ്. സാമ്പത്തിക സാമ്രാജ്യത്വം മത്സരാധിഷ്ഠിത പുരോഗതിയുടെതാണ്. നിസ്വാർത്ഥവും സ്നേഹത്തിലധിഷ്ഠിതവുമായ സാർവ്വ ലൗകിക സാഹോദര്യത്തെക്കുറിച്ച് സഭകൾ പഠിപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. സ്വാർത്ഥതയും വ്യക്തിപരതയും മുതലാളിത്ത സമൂഹത്തിന്റെ സവിശേഷതകളാണ്. ഇത് സമ്പന്ന ദരിദ്രഭേദം വളർത്തുന്നു. 'അനീതി നിറഞ്ഞ സാമൂഹിക ഘടനകളുടെ സ്ഥാനത്ത് നീതിപൂർണ്ണമായ ഏകലോക സമൂഹം സംജാതമാകണം'[20]. 'ദരിദ്രരെ വളരെ പിന്നിലാക്കിക്കൊണ്ട് സമ്പന്നർക്കങ്ങനെയങ്ങ് മുന്നോട്ടു പോകാൻ കഴിയില്ല. ഒരു തലത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ദരിദ്രർ സമ്പന്നരുടെ ആ പോക്കിനെ അട്ടിമറിക്കും'[21] എന്നാണ് പ്രതീക്ഷ. സമ്പത്തിന്റെ പേരിലുള്ള വൈവിധ്യം ആരംഭിക്കുന്നത് മനുഷ്യനിലെ ആവശ്യാധിഷ്ഠിത (Need-based) തത്വത്തിൽ നിന്നും അത്യാഗ്രഹാധിഷ്ഠിത (Greed based) സമീപനത്തിലേക്ക് കുതിച്ചുയർന്നപ്പോഴാണ്.[22] "മുതലാളിത്തം ഭൂമിയിലെ വിഭവങ്ങളെ ചൂഷണം ചെയ്യുന്നു. യോഗ്യതയുള്ളവന്റെ മാത്രം നിലനിൽപ്പ് എന്നത് മാറണം. ധാർമ്മികമായി ജീവിക്കുന്നതിൽ പരാജയപ്പെട്ടവരുടെ അതിജീവനവും കൂട്ടായ കാര്യവിചാരകത്വവും അത്യാവശ്യമാണെന്ന്"[23] അദ്ദേഹം കരുതുന്നു.

ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത വേദശാസ്ത്രജ്ഞനായി അറിയപ്പെടുന്നു. എന്നാൽ അദ്ദേഹത്തിന്റെ സാമൂഹിക വിശകലന പാടവം അതീവ ശ്രേഷ്ഠമാണ്. സാമൂഹിക വിശകലനങ്ങളും വ്യാഖ്യാനങ്ങളും വിസ്മരിക്കുന്ന വേദവായനകൾക്ക് തലമുറകളെ അതിജീവിക്കുവാൻ കഴിയുകയില്ല. വേദശാസ്ത്ര വിജ്ഞാനീയത്തിൽ സാമൂഹിക അപഗ്രഥനം അർത്ഥപൂർണ്ണമായി സമന്വയിപ്പിച്ച ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത സാമൂഹിക ശാസ്ത്രജ്ഞൻ എന്നനിലയിൽ അറിയപ്പെടണം. അമേരിക്കയിലെ സാമ്പത്തിക മാന്ദ്യത്തെക്കുറിച്ച് ('ആഗോളസാമ്പത്തിക മാന്ദ്യം' എന്നത് മാധ്യമ സൃഷ്ടി) സാമ്പത്തിക ശാസ്ത്രജ്ഞരാരും പ്രവചിച്ചിട്ടില്ല. എന്നാൽ ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത 1950 മുതൽ മുതലാളിത്തത്തിന്റെ തകർച്ചയും അമേരിക്കയിലെ സാമ്പത്തിക പ്രതിസന്ധിയും ജ്ഞാനദൃഷ്ടിയിലൂടെ ഉൾക്കൊണ്ടിരുന്നു. ഒരു ദർശനം പോലെ അദ്ദേഹത്തിന്റെ എഴുത്തുകളിലും പ്രഭാഷണങ്ങളിലും ഇത് മുഖ്യ പ്രമേയമായി. പ്രവാചക ദൃഷ്ടിയോടെ അദ്ദേഹം വിശദീകരിച്ചിട്ടുള്ള 'സാമ്പത്തിക തകർച്ചയുടെ' രൂക്ഷമായ പ്രതിസന്ധി ഇപ്പോൾ മുഖാമുഖം തിരിച്ചറിയുകയാണ്.

ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ സാമ്പത്തിക ദർശനത്തിന്റെ വേദശാസ്ത്രവിശകലനങ്ങൾ വിമോചനം, സ്വാതന്ത്ര്യം, നീതി, പങ്കിടൽ, സ്നേഹം എന്നീ വിഷയങ്ങളിൽ വികസിച്ചതാണ്. ഇവയുടെ പുവനർവായനയാണ് മിഷൻ, സാമൂഹിക നീതി, പങ്കിടീൽ, വർഗ്ഗരഹിത സമൂഹം, മതാതീത ആദ്ധ്യാത്മികത എന്നീ ദർശനങ്ങളിൽ ഉൾക്കൊള്ളുന്നത്. എല്ലാ മതങ്ങളെയും മതരഹിതരേയും 'സ്നേഹക്കൂടാരത്തിൽ'[24] ഒന്നിപ്പിക്കുന്നതിനുള്ള ദർശനമാണ് അദ്വൈത സിദ്ധാന്തത്തിലും അവതരിപ്പിക്കുന്നത്. ഇത് സ്നേഹത്തിന്റെ ഏകമതമാണ് (One Religion of Love). 'സ്നേഹം ദൈവത്തിന്റെ നിത്യ ഉണ്മയാണ്. ആ ദൈവിക

സ്നേഹം പങ്കുവയ്ക്കലാണ്. ഇതാണ് എന്റെ തത്വശാസ്ത്രമെന്ന് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഉറപ്പിച്ചു വ്യക്തമാക്കുന്നു[25]. ഇപ്പോൾ അത് അദ്വൈത ഫിലോസഫിയിലേക്ക് വളർന്നു. ഇത് ത്രിത്വനിഷേധികൾക്കുള്ള സിദ്ധാന്തം കൂടിയാണ്. സാമ്പത്തിക അസമത്വങ്ങളില്ലാതെ നീതിപൂർവ്വം സമ്പത്ത് പങ്കിടുന്ന സ്നേഹാധിഷ്ഠിത ആദ്ധ്യാത്മികത പ്രചരിപ്പിക്കുവാൻ തൊണ്ണൂറ്റി രണ്ടാം വയസ്സിലും "സ്നേഹകൂടാരത്തിലെ പ്രവാചകൻ" നാവും തൂലികയും ശക്തമായി വിനിയോഗിക്കുന്നു.

## അടിക്കുറിപ്പുകൾ

1. മാവേലിക്കരയിൽ 1918 ഡിസംബർ 9ന് ജനിച്ചു. വേദശാസ്ത്രജ്ഞനും ദാർശനികനും. Theology of Classless Society (1979), The Sin of Being Rich in a Poor World (1983), Sharing God and Sharing World (1995), One Religion of Love (2000), Atraita Theology (2007) എന്നീ കൃതികൾ അന്തർദ്ദേശീയ പ്രശസ്തി നേടി.
2. അമേരിക്കയിൽ സാമ്പത്തിക മാന്ദ്യത്തിന്റെ പ്രാരംഭം 2007 ജൂലൈ മുതലാണ്. 2008 സെപ്റ്റംബറിൽ ഇത് രൂക്ഷമായി. 2010 ലും തുടരുന്നു. ഇതിന് മുമ്പുള്ള തീവ്രമായ സാമ്പത്തിക മാന്ദ്യം 1928-1933 കാലഘട്ടത്തിലാണ്.
3. അത് കർത്താവാകുന്നു, 2002, പേജ് 246
4. കുരിശിലേക്ക് തിരിയുക, 1998, പേജ് 51
5. Ibid, p.52
6. നിർമ്മനുഷ്യത്വം അഥവാ പ്രായോഗിക നിരീശ്വരത്വം, 1981
7. മനുഷ്യദർശനത്തിന്റെ നീർച്ചാലുകൾ, 1995, പേജ് 55
8. ഭൂവിലാശേഷം, 1983, പേജ് 139
9. സുവിശേഷ ദൗത്യവും സ്ഥിതി സമത്വവും, 1988, പേജ് 118
10. Ibid, p.42
11. ദരിദ്രലോകത്തിൽ ധനവാനായിരിക്കുന്നത് പാപം, 2008, പേജ് 78
12. Ibid, p.80
13. മൂന്നാം സഹസ്രാബ്ദത്തിൽ സ്നേഹത്തിന്റെ ഏകമതം, 1999, പേജ് 18
14. Ibid, p.19
15. Ibid
16. Ibid, pp.24-25
17. സഭയും സാമൂഹിക പ്രതിബദ്ധതയും, 1997, പേജ് 233
18. ദൈവസ്നേഹം പ്രതികരണവും പ്രയോഗവും, 2007, പേജ് 141
19. അത് കർത്താവാകുന്നു, 2002, പേജ്. 246
20. സഭയും സാമൂഹിക പ്രതിബദ്ധതയും, 1997, പേജ് 233
21. Ibid, p.233
22. ദരിദ്രലോകത്ത് ധനവാനായിരിക്കുന്നത് പാപം, 2008, പേജ് 40
23. Ibid, p.83
24. സ്നേഹക്കൂടാരം, ഇളകാത്തകുറ്റി, പൊട്ടാത്ത കയർ, 2009
25. മൂന്നാം സഹസ്രാബ്ദത്തിൽ സ്നേഹത്തിന്റെ ഏകമതം, 1999, Cf. Atraita Theology and One Religion of love, 2007.

E-Mail: frkaringattil@yahoo.co.in

□